Syro Malabar Commission for Liturgy



# നോമ്പ് ആറാം ചൊവ്വ - ലൂക്കാ 13: 31-34 (മത്താ 23:37)

ഹേറോദേസ് ഈശോയെ വധിക്കുവാൻ ശ്രമിക്കുന്നതിനാൽ ഗലീലി വിട്ട് പോകണമെന്നാണ് ചില ഫരിസേയർ ഈശോയോട് ആവശ്യപ്പെടുന്നത്. പഴയനിയമപ്രവാചന്മാർ ജറുസലേമിന് എതിരേ ഉയർത്തിയ ആരോപണങ്ങൾ തന്നെ ഈശോയും ഉന്നയിക്കുയും ആ നഗരത്തിന്റെ നാശമോർത്ത് വിലപിക്കുകയും ചെയ്യുന്നു. ജറുസലേമിൽ ബലിയർപ്പിക്കണമെന്ന് (നിയ12: 2-18) ഇസ്രായേല്ക്കാർക്ക് മോശ കല്പന കൊടുത്തത് പ്രതീകാത്മകമാണ്. കാരണം അവിടെയാണ് ലോകപാപം നീക്കുന്ന കുഞ്ഞാടും ബലിയർപ്പിക്കപ്പെടേതെന്ന് വി. എഫ്രേം പ്രസ്താവിക്കുന്നു. കർത്താവിന്റെ നാമത്തിൽ വന്നവൻ അനുഗ്രഹീതൻ എന്നു പറയുന്നതുവരെ നിങ്ങൾ എന്നെ കാണുകയില്ലെന്ന് സുവിശേഷഭാഗത്തിന്റെ അവസാനം പ്രസ്താവിക്കുന്നു. ഇത് ഈശോ കഴുതക്കുട്ടിയുടെ പുറത്ത് ഇരിക്കുകയും വലിയ ജനക്കൂട്ടത്തിന്റെ ആർപ്പുവിളികളുടെ ഇടയിലൂടെ മഹത്വപൂർണ്ണനായി ജറുസലേമിലേക്ക് പ്രവേശിക്കുന്നതിനെക്കുറിച്ചാണെന്നും ഈശോയുടെ ദ്വിതീയാഗമനത്തെക്കുറിച്ചാണെന്നുമുള്ള വ്യാഖ്യാനമുണ്ട്.

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ് കാക്കനാട് Read more:www.syromalabarliturgy.org